**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3196** **14-02-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യ മാർക്കറ്റുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിഫ്ബി ധനസഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി 51 ആധുനിക മത്സ്യ മാർക്കറ്റുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ നബാർഡിന്റെ ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ 25 ൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിൽ ഒരു മത്സ്യ മാർക്കറ്റും, സംസ്ഥാന ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ നൂറനാട് പടനിലം മാർക്കറ്റും നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി 2405-00-105-96-(01) എന്ന ശീർഷകത്തിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | 2405-00-105-96 എന്ന ശീർഷകം ഇപ്പോൾ നിലവിൽ ഇല്ല. എന്നാൽ പടനിലം മാർക്കറ്റ് നിർമ്മാണം അടക്കമുള്ള പദ്ധതികൾക്കും മൂല്യവർദ്ധനവും വിളവെടുപ്പിന് ശേഷമുള്ള പ്രവർത്തനങ്ങൾക്കുമായി 2405-00-105-86 എന്ന ശീർഷകത്തിൽ 2023-24 വർഷം 350 ലക്ഷം രൂപ വകയിരുത്തുകയും 0.77 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത ശീർഷകത്തിൽ 2011 മെയ് മുതൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (സി) | 2405-00-105-96 ശീർഷകത്തിൽ വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്ത തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| വർഷം | ബഡ്ജറ്റ് വിഹിതം (രൂപ) | ചെലവ് (രൂപ) |
|---|---|---|
| 2011-12 | 50,00,000 | 1,62,94,933 |
| 2012-13 | 3,00,00,000 | 53,00,000 |
| 2013-14 | 2,50,00,000 | 2,50,00,000 |

| | | |
|---|---|---|
| 2014-15 | 2,50,00,000 | 2,49,80,000 |
| 2015-16 | 2,50,00,000 | 68,18,000 |
| 2016-17 | 4,00,00,000 | 4,00,00,000 |
| 2018-19 | 1,50,00,000 | 1,50,00,000 |

| | | | |
|---|---|---|---|
| (ഡി) | മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനായി പുതിയ എന്തെല്ലാം പദ്ധതിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ഡി) | ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യം ഉപഭോക്താക്കളിൽ എത്തിക്കുന്നതിന് കഴിയുമാറ് മത്സ്യവിപണന മേഖലയെ ശാക്തീകരിക്കുന്നതിനും കൂടുതൽ മത്സ്യവിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ കോഴിക്കോട് സെൻട്രൽ മത്സ്യമാർക്കറ്റും എറണാകുളം ജില്ലയിലെ ആലുവ മത്സ്യമാർക്കറ്റും, ആധുനിക മാർക്കറ്റുകളായി വികസിപ്പിക്കുന്നതിന് 105 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ